# പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 1945      17/06/2013-ൽ മറുപടിക്ക്

### ആദിവാസി മേഖലയിലെ പകർച്ചവ്യാധികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എ. കെ. ബാലൻ | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| എ) | ആദിവാസി മേഖലകളിൽ കോളറ മുതലായ പകർച്ചവ്യാധികൾ പടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) | ഏതൊക്കെ ആദിവാസി കോളനികളിൽനിന്നും കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ കോളറ മുതലായ പകർച്ചവ്യാധികൾ മൂലമുള്ള മരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | ബി | 2011 ൽ വയനാട് ജില്ലയിലെ വെള്ളമുണ്ട പഞ്ചായത്തിലെ കൊട്ടുവേരിക്കുന്ന് പണിയ കോളനിയിൽ 2 പേരും പുൽപ്പള്ളി പഞ്ചായത്തിലെ കരിമം കോളനിയിൽ 2 പേരും, സുൽത്താൻബത്തേരി മാനിക്കുനി കോളനിയിൽ ഒരാളും ( ആകെ 5 പേർ) കോളറ ബാധിച്ച് മരണമടഞ്ഞിട്ടുണ്ടായിരുന്നു.<br>മറ്റ് ജില്ലകളിൽ നിന്ന് പകർച്ചവ്യാധികൾ റിപ്പോർട്ട് ചെയ്യപ്പെട്ടില്ല. |
| സി) | ഏതൊക്കെ ആദിവാസി കോളനികളിൽ നിന്നും കഴിഞ്ഞ രണ്ട് മാസത്തിനിടയ്ക്ക് കോളറ പോലുള്ള പകർച്ചവ്യാധികൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ജില്ല, കോളനി തിരിച്ചുള്ള കണക്കുകൾ വിശദമാക്കുമോ; | സി | വയനാട് ജില്ലയിൽ വൈത്തിരി താലൂക്കിൽ മുട്ടിൽ പഞ്ചായത്തിലെ അട്ടവാടി, തെയ്യംപാടി കോളനികളിൽ കോളറ രോഗം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടായിരുന്നു. രോഗം ബാധിച്ച 13 പേരെ ഉടൻ ആശുപത്രിയിൽ എത്തിച്ച് ആവശ്യമായ ചികിത്സ നൽകി അസുഖം ഭേദമാക്കുകയും മേൽപ്പറഞ്ഞ കോളനികളടക്കം എല്ലാ കോളനികളിലും ശുചീകരണവും രോഗപ്രതിരോധ പ്രവർത്തനങ്ങളും നടത്തുകയും ചെയ്തിട്ടുണ്ട്. |
| ഡി) | പകർച്ച വ്യാധികൾ തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ? | ഡി | ആരോഗ്യ വകുപ്പും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പട്ടികവർഗ്ഗ വികസന വകുപ്പും ചേർന്ന് മെഡിക്കൽ ക്യാമ്പുകളും ബോധവൽക്കരണ പരിപാടികളും സംഘടിപ്പിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് ഉദ്യോഗസ്ഥൻമാരോടും എസ്.റ്റി. പ്രൊമോട്ടർമാരോടും പകർച്ച വ്യാധികൾക്കെതിരെ ജാഗരൂകരായിരിക്കാനും ആരോഗ്യ വകുപ്പുമായി സഹകരിച്ച് സമ്പർക്ക നടപടി സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ